## അപ്രതീക്ഷിത എൻട്രികൾ,

## വൈഗഡിഡിജിറ്റൽഫോട്ടോഗ്രാഫിമത്സരം ജനകീയവുംമെഗാഹിറ്റും

ഫാം ഇൻഫർമേഷൻ ബ്യുറോ, വൈഗ-2018 നോട് അനുബന്ധിച്ചു നടത്തിയ ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. നവംബർ 15 മുതൽ ഡിസംബർ 15 വരെ നടത്തിയ നവകാർഷികകേരളവുമായി ബന്ധപ്പെട്ട ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരത്തിൽ പ്രാരംഭഘട്ടത്തിൽ തന്നെ 1024 ഓളം എൻട്രികളാണ് സോഷ്യൽമീഡിയ ആയ ഫേസ്ബുക്ക്, വാട്സാപ്പ്, ഇമെയിൽ, ഇൻസ്റ്റാഗ്രാം തുടങ്ങിയവ വഴി എത്തിയത്. 1024-ൽ നിന്നും പ്രതിപാദ്യവിഷയത്തോട് യോജിച്ചതും മികച്ചതുമായ 231 ഫോട്ടോകളാണ് ജൂറി തിരഞ്ഞെടുത്തതും അതിൽ നിന്ന് 3 വിജയികളെകണ്ടെത്തിയതും.

ഒന്നാം സമ്മാനത്തിന് അർഹനായത് തൃശൂർ കീഴൂർ നിന്നുള്ള സന്ദീപ് പുഷ്കർ ആണ്. 10000 രൂപയും പ്രശസ്തിപത്രവുമാണ് സമ്മാനം. രണ്ടാം സമ്മാനമായ 7500 രൂപയും പ്രശസ്തി പത്രവും തലശ്ശേരിയിൽ നിന്നുള്ള പ്രശാന്ത് പട്ടനാണ്. മൂന്നാം സമ്മാനം ലഭിച്ചത് നാസർ എടപ്പാളിനാണ്, 5000 രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനം. ഫേസ്ബുക്ക് ലൈക്കുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ ലൈക്സും, ഫോട്ടോറീച്ചും കിട്ടിയത് കണ്ണൂരിൽ നിന്നുള്ള ടീന ടൈറ്റസിനാണ് (33,000reach,9.2k engagement,4.5k likes). തൃശൂർ തേക്കിൻകാട് മൈതാനിയിൽ വച്ച് നടക്കുന്ന ‘വൈഗ-2018’ നോട് അനുബന്ധിച്ചു വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണംചെയ്യും.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**